LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ അക്ഷയ സെന്റർ മുഖേന ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പോർട്ടലിൽ അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റൗട്ട് സ്ഥാപത്തിന് നൽകുകയും ചെയ്യുന്നു. സ്ഥാപന മേധാവി പ്രസ്തുത അപേക്ഷയും അനുബന്ധമായ രേഖകളും പരിശോധിക്കുന്നു. ഗവ/എയ്ഡഡ് സ്ഥാപനങ്ങൾ അപേക്ഷയുടെ ഹാർഡ് കോപ്പി സ്ഥാപനത്തിൽ സൂക്ഷിച്ച് ഓൺലൈൻ അപേക്ഷ ജില്ലാ ഓഫീസിലേക്ക് ഫോർവേഡ് ചെയ്യുന്നു. സ്വാശ്രയ സ്ഥാപനങ്ങൾ ഹാർഡ്കോപ്പിയും ഓൺലൈൻ അപേക്ഷയും ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലേക്ക് ഫോർവേഡ് ചെയ്യുന്നു. ജില്ലാ ഓഫീസിൽ പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള അപേക്ഷകൾക്ക് അനുമതി നൽകുന്നു. അനുമതി ലഭ്യമായ അപേക്ഷകരുടെ ആനുകൂല്യങ്ങൾ സ്ഥാപനത്തിൽനിന്നും ഫോർവേഡ് ചെയ്യുകയും ആയത് ജില്ലാ ഓഫീസിൽ പരിശോധിച്ച് പേമെന്റ് ചെയ്യുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ എത്തുന്നു. ഡയറക്ടറേറ്റിൽനിന്നും വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കും സ്ഥാപനത്തിന് ലഭിക്കേണ്ട ഫീസുകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും അനുവദിക്കുന്നതാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

61(806) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള സെൽഫ് ഫൈനാൻസിംഗ് ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി അഫിലിയേഷനുള്ള സെൽഫ് ഫൈനാൻസിംഗ് ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ തുടർന്നും ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.